**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം: 1466** — **03.10.2011-ൽ മറുപടിയ്ക്ക്**

## റിസർവ്വ് ബാങ്ക് വായ്പകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) | |
| എ) | റിസർവ്വ് ബാങ്ക് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വായ്പകൾ ഏതെല്ലാമാണ്; | എ) | കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും, വിദ്യാഭ്യാസ വായ്പ (ഇന്ത്യയിലുള്ള പഠനത്തിന് 10 ലക്ഷവും വിദേശത്തുള്ള പഠനത്തിന് 20 ലക്ഷവും വരെ), ഭവന വായ്പ, (25 ലക്ഷം വരെ) ചെറുകിട വ്യവസായികൾക്കുള്ള വായ്പ തുടങ്ങിയവയാണ് മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| ബി) | മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വായ്പകളിൽ നിന്നും ഈടാക്കുന്ന പലിശയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) & സി) | വിദ്യാഭ്യാസ വായ്പ ഉൾപ്പെടെയുള്ള മുൻഗണനാവായ്പകളുടെ പലിശ അതാതു ബാങ്കുകൾ നിശ്ചയിക്കുന്നതുപ്രകാരമായിരിക്കും. ഇത് അതാതു ബാങ്കിന്റെ ബേസ്റേറ്റ് അനുസരിച്ച് വിവിധവുമായിരിക്കും. ഇത് നിലവിൽ 11% മുതൽ 17% വരെയാണ്. |
| സി) | പ്രൊഫഷണൽ വിദ്യാഭ്യാസ വായ്പയ്ക്ക് ബാങ്കുകൾ ഈടാക്കുന്ന പലിശ എത്രയാണെന്ന് അറിയാമോ; | | |

| | | | |
|---|---|---|---|
| ഡി) | ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെ വാഹന വായ്പയെക്കാൾ ഉയർന്ന പലിശ നിരക്കാണ് വിദ്യാഭ്യാസ വായ്പയ്ക്ക് ഈടാക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) & ഇ) | വിദ്യാഭ്യാസ വായ്പയ്ക്ക് വിവിധ ബാങ്കുകൾ ഈടാക്കുന്ന പലിശ അതാതു ബാങ്കുകൾ നിശ്ചയിക്കുന്നതുപ്രകാരമായിരിക്കും. വിദ്യാഭ്യാസവായ്പയെയും നിലവിൽ മുൻഗണനാപട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുളളത്. വിവിധതരം ലോണുകൾക്ക് ഈടാക്കുന്ന പലിശ അതാതു ബാങ്കിന്റെ ആസ്തിയും ബാധ്യതയും തിരിച്ചടവുകാലാവധിയുമനുസരിച്ച് വ്യത്യസ്തമായിരിക്കും. എന്നാൽ വിദ്യാഭ്യാസ വായ്പ നിഷേധിക്കാൻ പാടില്ലെന്ന് കർശനമായ നിലപാട് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഈ കാര്യം സ്റ്റേറ്റ്ലെവൽ ബാങ്കിംഗ് കൺസൾട്ടേറ്റീവ് കമ്മിറ്റിയെ അറിയിച്ചിട്ടുണ്ട്. |
| ഇ) | വിദ്യാഭ്യാസ വായ്പയെയും മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തി കുറഞ്ഞ പലിശ ഉറപ്പാക്കുവാൻ സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

(signature)

സെക്ഷൻ ഓഫീസർ